# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

TIME: 12.30 PM DATE: 31-07-2024

## പ്രധാനവാർത്തകൾ

1. ചരിത്രത്തിലെ ഏറ്റവും വലിയ ഉരുൾപൊട്ടൽ ദുരന്തം നേരിട്ട് കേരളം. രക്ഷാപ്രവർത്തനത്തിന് ഒറ്റക്കെട്ടായ് അണിനിരന്ന് നാട്. നൂറുകണക്കിനാളുകളെ രക്ഷാസംഘം പുറത്തെത്തിച്ചു. ഇതുവരെ കണ്ടെത്തിയത് 165 മൃതദേഹങ്ങൾ.

2. ദുരിതാശ്വാസ കേന്ദ്രങ്ങൾ സന്ദർശിക്കാൻ ഗവർണർ വയനാട്ടിലെത്തി. സാധ്യമായ എല്ലാ സഹായവും ചെയ്യുമെന്ന് കേന്ദ്രസർക്കാർ അറിയിച്ചതായി കേന്ദ്രമന്ത്രി ജോർജ് കുര്യൻ.

3. ഉന്നതലയോഗം വിളിച്ച് രക്ഷാപ്രവർത്തനത്തിന്റെ സ്ഥിതി വിലയിരുത്തി മുഖ്യമന്ത്രി പിണറായി വിജയൻ.

4. ദുരിതബാധിതർക്ക് സഹായം എത്തിക്കാൻ ആഗ്രഹിക്കുന്നവർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി മുഖേന സഹായം എത്തിക്കാം. അവശ്യ സാധനങ്ങൾ ശേഖരിക്കാൻ കേന്ദ്രങ്ങൾ തുറന്നു.

5. വയനാട് മുണ്ടക്കൈയിൽ സൈന്യത്തിൻറെ നേതൃത്വത്തിൽ ബെയ്‌ലി പാലം നിർമാണം പുരോഗമിക്കുന്നു.

RNU TVPM

6. വടക്കൻ കേരളത്തിൽ അതിതീവ്രമഴ തുടരുമെന്ന് മുന്നറിയിപ്പ്. അഞ്ച് ജില്ലയിൽ ഓറഞ്ച് ജാഗ്രത. ഉയർന്ന തിരമാലയ്ക്ക് സാധ്യത. മീൻപിടിത്തത്തിന് വിലക്ക്.

*****************************************

## വയനാട് -ഉരുൾപൊട്ടൽ

ചരിത്രത്തിലെ ഏറ്റവും വലിയ ഉരുൾപൊട്ടൽ ദുരന്തത്തെയാണ് കേരളം നേരിടുന്നത്. വയനാട്ടിലെ ചൂരൽമലയും മുണ്ടക്കൈയും തകർന്നടിഞ്ഞിരിക്കുകയാണ്. സർവ്വ സന്നാഹവും ഉപയോഗിച്ചുള്ള രക്ഷാപ്രവർത്തനത്തിൽ ഒറ്റക്കെട്ടായി അണിനിരക്കുകയാണ് നാട്. രണ്ടാംദിനമായ ഇന്ന് - രാവിലെ മുതൽ രക്ഷാദൗത്യം പുനരാരംഭിച്ചു.ഇതുവരെ ആയിരത്തോളം പേരം രക്ഷപ്പെടുത്തി. റിസോർട്ടുകളിലും മറ്റും കുടുങ്ങിയ നിരവധിപേരെ ഇന്ന് രക്ഷപ്പെടുത്തി.

ഇതുവരെ 165 പേരുടെ മൃതദേഹം കണ്ടെത്തി. 123 പേരുടെ മൃതദേഹം പോസ്റ്റുമോർട്ടം ചെയ്തു.

ദുരന്തം ഏറ്റവും കൂടുതൽ ബാധിച്ച ചൂരൽ മലയിലും രക്ഷാപ്രവർത്തനം നടക്കുന്നു. വയാനാട്ടിൽ 45 ദുരിതാശ്വാസ ക്യാമ്പുകളിലായി മൂവായിരത്തിലേറെ പേർ ഇപ്പോൾ കഴിയുന്നു. മന്ത്രിമാരായ കെ.രാജൻ, പി.എ മുഹമ്മദ് റിയാസ്, ഒ.ആർ കേളു, എ.കെ.ശശീന്ദ്രൻ, രാമചന്ദ്രൻ കടന്നപ്പള്ളി എന്നിവർ സംഭവ സ്ഥലത്ത് തങ്ങി രക്ഷാപ്രവർത്തനത്തിന് നേതൃത്വം നൽകുന്നു. കേരളത്തിൽ ഇന്നും ദുഖാചരണം തുടരും.

*****************************************

RNU TVPM

## ഗവർണർ -കോഴിക്കോട്

വയനാട്ടിലേത് വൻ ദുരന്തമെന്ന് ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ കോഴിക്കോട് മാധ്യമങ്ങളോട് പറഞ്ഞു. സാധ്യമായ എല്ലാ സഹായങ്ങളും ചെയ്യുമെന്നും കേരളത്തിൽ നിന്ന് മാത്രമല്ല, രാജ്യത്തിന്റെ എല്ലാ കോണുകളിൽ നിന്നും സഹായം പ്രതീക്ഷിക്കുന്നുവെന്നും അദ്ദേഹം പറഞ്ഞു. രണ്ട് പ്രളയങ്ങളെയും അതിജീവിച്ച നമ്മൾ, ഇതും അതിജീവിക്കുമെന്നും, ഗവർണർ പറഞ്ഞു.

ദുരിതാശ്വാസ കേന്ദ്രങ്ങൾ സന്ദർശിക്കാനായി ഗവർണർ വയനാട്ടിലെത്തി.

******************************

## ജോർജ് കുര്യൻ

കേരളത്തിന് എല്ലാ സഹായവും കേന്ദ്രം ഉറപ്പുനൽകിയെന്നും പ്രധാനമന്ത്രിയും കേന്ദ്ര ആഭ്യന്തര മന്ത്രിയും സ്ഥിതി നിരന്തരം നിരീക്ഷിച്ചുവരുന്നതായും കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ അറിയിച്ചു. സ്ഥിതി നിരീക്ഷിക്കുന്നതിനായി ആഭ്യന്തര മന്ത്രാലയത്തിൻ്റെ രണ്ട് കൺട്രോൾ റൂമുകൾ 24 മണിക്കൂറും പ്രവർത്തിക്കുന്നുണ്ടെന്നും കേന്ദ്രമന്ത്രി അറിയിച്ചു.

RNUTVPM

******************************

## അവലോകന യോഗം

വയനാട് ദുരനത്തിൽ മുഖ്യമന്ത്രി വിളിച്ച അവലോകന യോഗം ആരംഭിച്ചു. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ആസ്ഥാനത്തെത്തിയാണ് മുഖ്യമന്ത്രി യോഗത്തിൽ പങ്കെടുക്കുന്നത്. രക്ഷാ പ്രവർത്തനത്തിന് നേതൃത്വം നൽകുന്ന വിവിധ വിഭാഗങ്ങളുടെ ചുമതലയിലുള്ളവർ ഓൺലൈനായി പങ്കെടുക്കുന്നു.

*****************************

## പിടിസി ഇൻട്രോ

രക്ഷാപ്രവർത്തനം ഓരോ മണിക്കൂർ പിന്നിടുമ്പോഴും നിരവധി മൃതദേഹങ്ങളാണ് ദുരന്തമേഖലയിൽ നിന്നും കണ്ടെത്തുന്നത്. വയനാട്ടിൽ നിന്നും ആകാശവാണി പ്രതിനിധി അരുൺ വിൻസെൻറ്.

(വേയ്സ്)

*****************************

## ബെയ്‌ലി പാലം

വയനാട് മുണ്ടക്കൈ ഉരുൾപൊട്ടലിൽ രക്ഷാപ്രവർത്തനം ഊർജ്ജിതമാക്കുന്നതിനുള്ള ബെയ്‌ലി പാലത്തിന്റെ നിർമാണം പുരോഗമിക്കുന്നു. നിർമാണസാമഗ്രികൾ വ്യോമസേന വിമാനത്തിൽ കണ്ണൂർ വിമാനത്താവളത്തിൽ എത്തിച്ചശേഷം 17 ട്രക്കുകളിലായി വയനാട്ടിലെത്തിച്ചു. പാലം പൂർത്തിയാകുന്നതോടെ രക്ഷാപ്രവർത്തനത്തിന് വേഗമേറും.

RNU TVPM

*****************************

## മുണ്ടക്കൈ- രക്ഷപ്പെടുത്തി

മുണ്ടക്കൈ ചെറാട്ട് കുന്ന് കോളനിയിൽ കാണാതായ 32 പേരിൽ 26 പേരെ കണ്ടെത്തി. ഇതിൽ 24 പേരെ അട്ടമല ക്യാമ്പിലേക്ക് മാറ്റി.

*****************************

## സൈന്യം രക്ഷപ്പെടുത്തി

കോഴിക്കോട് വെസ്റ്റ് ഹിൽ ബാരക്കിൽ നിന്നുള്ള ടെറിട്ടോറിയൽ ആർമിയുടെ 122 ഇൻഫൻട്രി ബറ്റാലിയനിലെ സൈനികർ വയനാട്ടിലെ ദുരന്ത മേഖലയിൽ നിന്ന് 19 പേരെ രക്ഷപെടുത്തി.

വെള്ളാരമലയിലെ വനറാണി എസ്റ്റേറ്റിലും ഏലാ എസ്റ്റേറ്റിലും കുടുങ്ങിയ ആളുകളെയാണ് സൈന്യം രക്ഷപെടുത്തിയത്.

*******************************

## രക്ഷാപ്രവർത്തനം-സംഘം

ഏഴിമല നാവിക അക്കാദമിയിലെ 60 അംഗ സംഘം രക്ഷാപ്രവർത്തനത്തിന് വയനാട് ചൂരൽമലയിലെത്തി.

ലെഫ്റ്റനൻ്റ് കമാൻഡൻ്റ് ആഷിർവാദിൻ്റെ നേതൃത്വത്തിലുള്ള സംഘമാണ് എത്തിയത്.

*******************************

## മെഡിക്കൽ സംഘം -വയനാട്ടിലേക്ക്

പട്ടികജാതി വികസന വകുപ്പിന്റെ പാലാക്കാട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ നിന്ന് 50 അംഗ മെഡിക്കൽ സംഘം മരുന്നുകളുമായി വയനാട്ടിലേക്ക്. കൽപ്പറ്റയിൽ താൽക്കാലിക ആശുപത്രി തുറക്കും. മന്ത്രി ഒ ആർ കേളുവിൻ്റെ നിർദേശാനുസരണമാണ് മെഡിക്കൽ സംഘം എത്തുന്നത്.

RNUTVPM

*******************************

## വയനാട് -സഹായം

വയനാട്ടിലെ ദുരിത ബാധിതർക്ക് സഹായം നൽകാൻ ആഗ്രഹിക്കുന്നവർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി മുഖേന സഹായം നൽകാം. ദുരിതാശ്വാസ സഹായമായി സാധനങ്ങൾ വാങ്ങിയവർ അതാത് ജില്ലയിലെ കളക്ടറേറ്റിൽ 1077 എന്ന നമ്പറിൽ അറിയിക്കണം.

*******************************

## തിരുവനന്തപുരം -കളക്ഷൻ

വയനാട് ദുരന്തത്തിലെ ദുരിതബാധിതർക്ക് അവശ്യസാധനങ്ങൾ എത്തിക്കുവാൻ തിരുവനന്തപുരം കളക്ട്രേറ്റിൽ കളക്ഷൻ സെന്റർ തുറന്നു. ദുരിതബാധിതർക്ക് സഹായമായി സാധനങ്ങൾ വാങ്ങിയവർ കളക്ഷൻ സെന്ററിൽ രാവിലെ 10 മുതൽ രാത്രി 10 മണി വരെ എത്തിക്കാവുന്നതാണ്.

*******************************

## അനാവശ്യ സന്ദർശനം-വയനാട്

വയനാട് ഉരുൾ പൊട്ടലുണ്ടായ ദുരന്ത മേഖലയിലേക്ക് അനാവശ്യമായ സന്ദർശനം ഒഴിവാക്കേണ്ടതാണെന്ന് സർക്കാർ അറിയിച്ചു. രക്ഷാപ്രവർത്തനത്തിന് തടസ്സമുണ്ടാക്കുന്ന വിധം ദുരന്ത മേഖലയിൽ കാഴ്ചക്കാരായി നിൽക്കുന്ന പ്രവണത ഒഴിവാക്കണമെന്നും പൊതുജനങ്ങളോട് സർക്കാർ അഭ്യർത്ഥിച്ചു.

RNU TVPM

*******************************

## മന്ത്രിതല യോഗം

ദുരന്തത്തിൽ നിന്ന് രക്ഷപെട്ട് എത്തുന്നവർക്ക് അടിയന്തരമായി വൈദ്യസഹായം ലഭ്യമാക്കാൻ ചൂരൽമലയിലെ കൺട്രോൾ റൂം കേന്ദ്രീകരിച്ച് ഓക്സിജൻ ആംബുലൻസ് സൗകര്യമൊരുക്കാൻ രാവിലെ വയനാട് കലക്ടറേറ്റിൽ ചേർന്ന മന്ത്രിതല യോഗത്തിൽ തീരുമാനമായി. കോഴിക്കോട്, തലശ്ശേരി ഉൾപ്പെടെ നാല് സഹകരണ ആശുപത്രിയിൽ നിന്നുള്ള ഡോക്ടർമാരുടെ സംഘം വരാൻ തയ്യാറാണെന്ന് മന്ത്രി വി എൻ വാസവൻ അറിയിച്ചു. കുടുങ്ങിക്കിടന്നവരെ രക്ഷപ്പെടുത്തി പാലത്തിലൂടെ കൊണ്ടുവരുന്ന പോയിന്റിൽ വെള്ളം വിതരണം ചെയ്യാൻ സജ്ജീകരണം ഏർപ്പെടുത്തുമെന്ന് മന്ത്രി കെ രാജൻ അറിയിച്ചു. യോഗത്തിൽ മന്ത്രിമാരായ പി എ മുഹമ്മദ് റിയാസ്, എ കെ

ശശീന്ദ്രൻ, വി അബ്ദുറഹ്മാൻ, കെ കൃഷ്ണൻകുട്ടി, ജി ആർ അനിൽ, ഒ ആർ കേളു തുടങ്ങിയവർ പങ്കെടുത്തു.

******************************

## പി.എസ്.ശ്രീധരൻപിള്ള

ഗോവ ഗവർണർ പി എസ് ശ്രീധരൻപിള്ള വയനാട്ടിലെത്തി. രക്ഷാപ്രവർത്തനത്തിലും ദുരന്ത മേഖലയിലെ ജനങ്ങളുടെ പുനരധിവാസത്തിലും പങ്കാളികളാകാനുള്ള സന്നദ്ധത ഗോവ മുഖ്യമന്ത്രിയും ആരോഗ്യമന്ത്രിയും ഗോവ ഗവർണറെ അറിയിച്ചിട്ടുണ്ട്.

******************************

RNUTVPM

## വീണാ ജോർജ്

ആരോഗ്യ മന്ത്രി വീണാ ജോർജിൻ്റെ വാഹനം അപകടത്തിൽ പെട്ടു. ഇന്ന് രാവിലെ മലപ്പുറം മഞ്ചേരിയിൽ മന്ത്രിയുടെ വാഹനം സ്കൂട്ടറുമായി കൂട്ടിയിടിക്കുകയായിരുന്നു. ചെറിയ പരിക്കുകളോടെ മന്ത്രിയെ മഞ്ചേരി മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചിരിക്കുകയാണ്.

******************************

## പാർലമെന്റ്

പാർലമെന്റിന്റെ ഇരുസഭകളിലും നടപടികൾ പുരോഗമിക്കുന്നു. പാരീസ് ഒളിമ്പിക്സിൽ വെങ്കല മെഡൽ നേടിയ ഷൂട്ടിങ് താരങ്ങളായ മനു ഭാക്കർ - സരബ്ജോത് സിംഗ് എന്നിവരെ ലോക്സഭ സ്പീക്കർ ഓം ബിർള അഭിനന്ദിച്ചു. ജാതി സെൻസസ് വിഷയമുയർത്തിയുള്ള പ്രതിപക്ഷ ബഹളം രൂക്ഷമായതോടെ ചോദ്യോത്തരവേള തടസപ്പെടുകയും സഭ 12 മണി വരെ നിർത്തി വക്കുകയും ചെയ്തിരുന്നു.

*****************************

## പ്രത്യേക വാർത്താ ബുള്ളറ്റിൻ

വയനാട് ദുരന്തത്തിനോട് അനുബന്ധിച്ച് ആകാശവാണി പ്രത്യേക വാർത്താ ബുള്ളെറ്റിനുകൾ പ്രക്ഷേപണം ചെയ്യുന്നു. ഉച്ചക്ക് 3. 30 നും വൈകുന്നേരം 4. 45 നും 5 മിനിറ്റ് ദൈർഘ്യമുള്ള രണ്ടു ബുള്ളറ്റിനുകൾ പ്രക്ഷേപണം ചെയ്യും. വൈകുന്നേരം 6. 30 നുള്ള പ്രാദേശിക വാർത്തയുടെ ദൈർഘ്യം 15 മിനിട്ടായിരിക്കും.

*****************************

## മഴ -കേരളം

വടക്കൻ കേരളത്തിൽ അതിതീവ്ര മഴ തുടരുമെന്ന് കാലാവസ്ഥാ വകുപ്പ്. ഇന്ന് മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോട് ജില്ലകളിൽ അതിശക്തമായ മഴയ്ക്കുള്ള ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. ഇടുക്കി, എറണാകുളം, തൃശൂർ, പാലക്കാട് ജില്ലകളിൽ ശക്തമായ മഴയ്ക്കുള്ള മഞ്ഞ ജാഗ്രത തുടരുന്നു. കേരളം, -കർണാടകം, ലക്ഷദ്വീപ് തീരങ്ങളിൽ മീൻപിടിക്കാൻ പോകരുത്. കേരള തീരത്ത് ഉയർന്ന തിരമാലയ്ക്കും മോശം കാലാവസ്ഥയ്ക്കും സാധ്യതയുള്ളതിനാൽ ജാഗ്രത പാലിക്കണം.

RNU TVPM

*****************************

## കേരള ഡാമുകൾ

തൃശൂർ ചിമ്മിനി ഡാമിൽ ജലനിരപ്പ് ഉയരുന്നു. കുറുമാലി, കരുവന്നൂർ പ്പുഴയുടെ തീരത്ത് താമസിക്കുന്നവർ ജാഗ്രത പാലിക്കണം. തിരുവനന്തപുരത്ത് അരുവിക്കര ഡാമിൻ്റെ ഷട്ടറുകൾ ഇന്ന് പകൽ രണ്ടു മണിയോടെ അമ്പത് സെൻറിമീറ്റർ

കൂടി ഉയർത്തും. പേപ്പാറ ഡാമിൻ്റെ ഷട്ടറുകൾ കൂടുതൽ ഉയർത്തി. ഡാമുകളുടെ സമീപത്ത് താമസിക്കുന്നവർ ജാഗ്രത പാലിക്കണം.

കോഴിക്കോട് കക്കയം ഡാമിലെ നീരൊഴുക്ക് കുറഞ്ഞതിനാൽ രണ്ട് ഷട്ടറുകൾ രാവിലെ 0.25 അടിയായി താഴ്ത്തി.

******************************

## ഹെൽപ് ലൈൻ

ദുരന്ത മേഖലയിലെ കുട്ടികൾക്ക് അടിയന്തര സ്ഥാപന സംരക്ഷണവും മാനസിക പിന്തുണയും ആവശ്യമാണെങ്കിൽ 1098 എന്ന ചൈൽഡ് ഹെൽപ് ലൈൻ നമ്പറിൽ ബന്ധപ്പെടാം.

******************************

## തദ്ദേശ ഉപതിരഞ്ഞെടുപ്പ്

സംസ്ഥാനത്തെ 49 തദ്ദേശവാർഡുകളിൽ നടന്ന ഉപതിരഞ്ഞെടുപ്പിന്റെ വോട്ടെണ്ണൽ പുരോഗമിക്കുന്നു. ഫലം പുറത്തുവന്ന 32 സീറ്റുകളിൽ എൽ ഡി എഫ് 18 ഇടങ്ങളിൽ വിജയിച്ചു. യുഡിഎഫിന് 12 ഉം എൻ ഡി എ ക്ക് 2 ഉം

സീറ്റുകൾ ലഭിച്ചിട്ടുണ്ട്.

RNU TVPM

******************************

## പാലക്കാട് മഴക്കെടുതി

പാലക്കാട് ജില്ലയിൽ മഴക്കെടുതിയെ തുടർന്ന് 39 ദുരിതാശ്വാസ ക്യാമ്പുകളിലായി 2,230 പേരെ മാറ്റി പാർപ്പിച്ചു. നെല്ലിയാമ്പതി ചുരം റോഡിൽ കല്ലും മണ്ണും വീണ് ഗതാഗതം പൂർണ്ണമായും തടസ്സപ്പെട്ടു. ഭാരത പുഴയിൽ ജലവിതാനം ഉയർന്നതിനെ തുടർന്ന് പട്ടാമ്പി പാലത്തിലൂടെയുള്ള ഗതാഗതത്തിന് നിയന്ത്രണം ഏർപ്പെടുത്തി.

******************************

## ട്രോളിംഗ് നിരോധനം

സംസ്ഥാനത്ത് 52 ദിവസത്തെ ട്രോളിങ് നിരോധനം ഇന്ന് അർദ്ധരാത്രി അവസാനിക്കും. നീണ്ടകരപ്പാലത്തിൻ്റെ തൂണുകളിൽ ബന്ധിച്ചിരിക്കുന്ന ചങ്ങല, രാത്രി 12 ന് ഫിഷറീസ് അധികൃതർ അഴിച്ചുമാറ്റുന്നതോടെ ബോട്ടുകൾ കടലിലേക്ക് പുറപ്പെടും.

*******************************************************************************************************
*****

RNU TVPM